# തൃശ്ശൂർ പൂരവും മറ്റും മറ്റും....

വി.എം.ഗിരിജ

കേരളത്തിലെ ഉൽസവങ്ങൾ ഒരുപാട് പ്രാചീനസമ്പത്തുകളെ ഓർമ്മിപ്പിക്കുന്ന പഴയലോകത്തിൽ നിന്ന് വരുന്ന മുദ്രകൾ ഉൾക്കൊള്ളുന്നതാണ്. അതിലെ താളവാദ്യങ്ങൾ കേരളത്തിന്റെ അഭിമാനമാണ്. ആനകൾ, വെടിക്കെട്ട്, പുരുഷാരം----- ഞങ്ങളുടെ നാട്ടിൽ ആനകളില്ലാത്ത പൂരംവേലകളുമുണ്ട്. തിറയും പൂതനും ആണ്ടികും നായടിയും വെള്ളാട്ടും കൊണ്ടുവരുന്ന സന്തോഷവും സാന്ത്വനവും----- ആനകളെ ഇഷ്ടപ്പെടാത്ത ഭഗവതിമാർ-------- പലനാടുകളിൽ പലവിധത്തിലുള്ള ഇത്തരം ഉൽസവങ്ങൾ - തെക്കോട്ട് അത് കുറച്ചുകൂടി വ്യത്യസ്തം - പക്ഷേ, സ്ത്രീകളുടെ പ്രാതിനിധ്യം ഒട്ടും ഇല്ലാത്തതാണ് - കൊട്ടുന്നവരിലും കേൾക്കുന്നവരിലും സ്ത്രീകളില്ല. വേനലിന്റെ ചൂടും വിയർപ്പും മാന്ത്രികമായ വാദ്യമേളവും ആൾക്കൂട്ടത്തിന്റെ മനസ്സ് ആവാഹിക്കാത്ത മാന്യതയും കൂടിച്ചേരുമ്പോൾ സ്ത്രീകൾക്ക് അവിടെ ഇടമില്ല------ ദൂരെ ഗോപുരമുകളിലോ, മട്ടുപ്പാവിലോ ഇരുന്ന് അവർ വരണോരേയും പോണോരേയും നോക്കിനില്ക്കും. പണ്ടവും പകിട്ടും അന്ന് ഉണ്ടാവും. ഉൽസവച്ചന്തകളിൽ കൽച്ചട്ടികളും മൺച്ചട്ടികളും ഭരണികളും ചീനച്ചട്ടികളും വാങ്ങുവാൻ അവരുണ്ടാവുമെങ്കിലും.

കുഞ്ചൻ നമ്പ്യാരുടെ കൃതികളിൽ പൂരത്തിനു പോകുന്ന സ്ത്രീകൾ പറയുന്നുണ്ട്. തിക്കിത്തിരക്കി പുരുഷന്മാർ ഉപദ്രവിക്കും എന്ന്. സ്ത്രീകൾക്ക് ശരീരം ഇല്ലാതാവാനും പുരുഷന് കുറേക്കൂടി വിപുലപ്പെടുത്താനും ആഗ്രഹം. സ്ത്രീക്ക് ശരീരം പേടി. പുരുഷന് ആയുധം. സ്ത്രീക്ക് കാത്തുസൂക്ഷിക്കേണ്ട ഒന്ന്. പുരുഷന് കീഴടക്കാൻ വെമ്പുന്ന ഒരു സമ്പത്ത്. ഇങ്ങനെ------- ഇപ്പോഴും തിരക്ക് പേടിക്കുന്നവർ സ്ത്രീകൾ. 'പുരുഷാര'ത്തെ ഭയക്കുന്നവർ സ്ത്രീകൾ. ഒരുഭാഗത്ത് ശരീരബോധവും ശരീരത്തിന്റെയും മനസ്സിന്റേയും ഭാഷ ഒന്നു തന്നെയാക്കിയെടുക്കാനുള്ള പരിശ്രമങ്ങളും കുറേക്കൂടി സ്വയം തുറക്കാനുള്ള യത്നങ്ങളും ഇന്ന് സ്ത്രീകൾ നടത്തുന്നു ---- പക്ഷേ മറുഭാഗത്ത് ? സ്ത്രീകൾ സ്ത്രീകളായിരിക്കേണ്ടത് എവിടെയൊക്കെ, ഏതിലൂടെയൊക്കെ എന്ന് പിന്നേയും മുറുക്കിച്ചുവക്കുന്ന പഴയ നമ്പൂതിരിമാരുടെ ചുണ്ടുകളുടെ ആഴമില്ലാത്ത മനസ്സിന്റെ കല്പനകൾ തന്നെയാണോ പറയുന്നത്?

പൂരക്കാലം വരുമ്പോൾ എപ്പോഴും ഉണ്ടാകുന്ന ചില ചിന്തകളാണിത്. സ്ത്രീകൾ തന്നെ വ്യത്യസ്ത സാമൂഹ്യതട്ടുകളിൽ വ്യത്യസ്ത ചുറ്റുപാടുകളിൽ ജീവിച്ചിരിക്കുന്നവർ വ്യത്യസ്തരീതിയിൽ ഉൽസവങ്ങൾ അനുഭവിച്ചിട്ടുണ്ടാകും ---- എന്നാലും പൊതുവേ ഈയൊരനുഭവമാണ് സത്യം..... എന്ന് തോന്നുന്നു. കൂടുതൽ ആലോചനകൾക്കും ചർച്ചകൾക്കുമായി

"ആഹോ ഉൽസവപ്രിയാ : ഖലു മനുഷ്യാ : " എന്നതിലെ പുല്ലിംഗപ്രയോഗത്തെ സർവ്വമനുഷ്യർക്കും എന്നെടുക്കേണ്ട രീതിയിലെ പരമ്പരാഗതനീതിയെ ഞാൻ ചൂണ്ടുന്നു.